# പട്ടം

## ലിറ്റിൽ കൈറ്റ്സ്
## ഡിജിറ്റൽ മാഗസിൻ

ജി ആർ എഫ് ടി എച്ച് എസ് ഫോർ ഗേൾസ്
കാഞ്ഞങ്ങാട്

# പട്ടം

## ലിറ്റിൽ കൈറ്റ്സ്

## ഡിജിറ്റൽ മാഗസിൻ

# ആമുഖം

 കാഞ്ഞങ്ങാട് മീനാപ്പീസ്  കടപ്പുറത്ത് പ്രവർത്തിച്ചുവരുന്ന ജി.ആർ.എഫ്.ടി.എച്ച്.എസ്.ഫോർഗേൾസ് 2002 ലാണ് പ്രവർത്തനെം ആരംഭിച്ചത്. പാവപ്പെട്ട മത്സ്യതൊഴിലാളികളുടെ പെൺമക്കൾക്ക് മാത്രമാണ് ഇവിടെ പ്രവേശനം. മത്സ്യത്തൊഴിലാളികളുടെ മക്കളുടെ ഉന്നമനത്തിനായി പ്രവർത്തിച്ച് വരുന്ന ഈ സ്കൂൾ  ആദ്യമായി ചെറുവത്തൂരിലാണ് സ്ഥാപിതമായത് പിന്നീട് കാഞ്ഞങ്ങാട് മീനാപ്പീസ് കടപ്പുറത്ത് സ്വന്തം കെട്ടിടത്തിൽ ഹോസ്ററൽ സൗകര്യത്തോടുകൂടി 2011 ജനുവരി 15 ന് പ്രവർത്തനം ആരംഭിച്ചു. തുടർന്ന് ഇങ്ങോട്ട് ഫിഷറീസ് വകുപ്പിന്റെ സഹകരണത്തോടെ നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നു. ഇപ്പോൾ 8,9,10 ക്ലാസ്സുകളിൽ ആകെ 105 കുട്ടികൾ താമസിച്ചു പഠിക്കുന്നു.2019 ൽ കുട്ടിക്കൂട്ടം എന്ന പേരിൽ ആരംഭിച്ച ലിറ്റിൽ  കൈറ്റ് യൂനിറ്റ് ഇപ്പോഴും പ്രവർത്തിക്കുന്നുണ്ട്.ഇപ്പോൾ 25 കുട്ടികൾ അംഗങ്ങളാണ്.സ്കൂളിലെ കുട്ടികളുടെ സൃഷ്ടികളുടെ സാക്ഷാത്കാരമാണ് ഈ ഡിജിറ്റൽ മാഗസിൻ.



# ഉള്ളടക്ക പട്ടിക


കാക്കയും കൊക്കും.....5
കർഷകന് കിട്ടിയ സമ്മാനം.....6
കമ്പ്യൂട്ടർ തലമുറ.....7
മാതൃത്വ ഭാരതം.....8
ധർമ്മത്തിന്റെ നാഴ്വഴികൾ.....9
പുഴയുടെ നൊമ്പരം.....12
ഉണ്ണി കണ്ണന്റെ സമ്മാനം.....13
കോഴിയും കുറുക്കനും.....14
ചിത്രങ്ങൾ.....15

# കാക്കയും കൊക്കും

ഒരിടത്തൊരു വലിയ കാടുണ്ടായിരുന്നു, പ്രകൃതിരമണീയമായ ആ കാടു കാണാൻ നല്ല ഭംഗിയുണ്ടായുരുന്നു,ആ കാടായിരുന്നു കിങ്ങിണി കാട്.കിങ്ങിണിക്കാട്ടിൽ  മാവിന്റെ ചില്ലയിൽ ഒരു അപ്പു കാക്ക താമസിച്ചിരുന്നു.മാവിന്റെ തൊട്ടടുത്തായി ഒരു പുഴയുണ്ടായിരുന്നു. ആ പുഴയിൽ ഒരു പപ്പു കൊക്ക് എപ്പോഴും മീൻ പിടിക്കാൻ വന്നിരുന്നു. ആ പപ്പുക്കൊക്ക് തന്റെ നിറത്തിൽ അഹങ്കാരപ്പെട്ടിരുന്നു. പപ്പു എപ്പോഴും അപ്പുക്കാക്കയെ കളിയാക്കിയിരുന്നു. അപ്പു എപ്പോഴും ദുഃഖിച്ചിരുന്നു. പക്ഷെ അവൻ എപ്പോഴും പപ്പുക്കൊക്കിനെ കൂട്ടുകാരനായേ കണ്ടിരുന്നുള്ളൂ.ഒരു ദിവസം അവൻ നല്ല സദ്യയുണ്ടാക്കി. ആ ദിവസം അപ്പുക്കാക്കയുടെ പിറന്നാളായിരുന്നു അപ്പു സദ്യ കഴിക്കാൻ പപ്പുവിനെ വിളിക്കാൻ പുഴവക്കിൽ ചെന്നു. എന്നാൽ പപ്പു അപ്പുവിനോട് പറഞ്ഞു''ഏയ്,കറുത്ത കാക്കേ നിന്റെ പിറന്നാളിന് ചോറുണ്ണാൻ ഈ വെളുത്തവൻ വരണമെന്നോ'' ഇത്രയും പറഞ്ഞ് പപ്പു കൊക്ക് തന്റെ ജോലി തുടങ്ങി. അപ്പോൾ പപ്പു കാല് തെന്നി പുഴയിലേക്ക് വീണു പപ്പു പുഴയിൽ വീണതും അപ്പു വേഗം തന്നെ അവനെ രക്ഷിച്ച് കരയിൽ കയറ്റി.പപ്പു അപ്പുവിനോട് നന്ദി പറഞ്ഞു.ഇരുവരും നല്ല കൂട്ടുക്കാരായി.

അഭിരാമി.പി
എട്ടാം തരം

# കർഷകന് കിട്ടിയ സമ്മാനം

ഒരിടത്ത് ഒരിടത്ത് ഒരു കർഷകൻ ഉണ്ടായിരുന്നു. ദരിദ്രനായിരുന്നു അയാൾ. തന്റെ കുടുംബം പോറ്റാൻ അദ്ദേഹം ഒരുപാട് കഷ്ടപ്പെട്ടിരുന്നു. ഭാര്യയും രണ്ട് മക്കളും അടങ്ങുന്നതായിരുന്നു അദ്ദേഹത്തിന്റെ കുടുംബം. കർഷകനാണെങ്കിൽ കൂടി അദ്ദേഹത്തിനു സ്വന്തമായി കൃഷിഭൂമി ഉണ്ടായിരുന്നില്ല. കൃഷിയോട് വളരെ താൽപര്യമുള്ളവനായിരുന്നു അയാൾ. ഒരു കൃഷിക്ക് അനുയോജ്യമായത് ഏതെന്ന് അദ്ദേഹത്തിന് വളരെ വ്യക്തമായി അറിയാം. രാജാവിന്റെ കീഴിൽ അടിമയെ പോലെ രാവന്തിയോളം പണിയെടുത്താലും ഒരു പ്രയോജനവുമില്ല എന്നും പട്ടിണിയാണ് അവരുടെ കുടുംബം. പെട്ടെന്നു ഒരു ദിവസം രാജ്യത്തിന്റെ അയൽ രാജ്യത്തെ രാജാക്കന്മാർ രാജ്യം സന്ദർശിക്കാൻ വരുന്നു എന്ന് പടനായകൻപറഞ്ഞു. ദൈവം തന്ന നിധിയെന്നതു പോലെ കർഷകനു വാർത്ത കിട്ടി. അതെന്തെന്നു വച്ചാൽ കൃഷിയിടം നന്നാക്കുക. കർഷകന് ഏറ്റവും നല്ല ഒരു ഉത്തമ കൃഷിയായി അത് മാറ്റി. കർഷകന് ഉത്തമ കൃഷിക്കാരൻ എന്ന പേര് ലഭിച്ചു, കൂടാതെ ഒരുപാട് സമ്മാനങ്ങളും ലഭിച്ചു.


ആര്യ.പി

എട്ടാംതരം

# കമ്പ്യൂട്ടർ തലമുറ

മാന്യരേ......

നമ്മുടെ ഈ തലമുറയിൽ ഏറ്റവും മനുഷ്യർ ഉപയോഗിക്കുന്നതാണ് കമ്പ്യൂട്ടറും ഫോണുകളും മറ്റ് സങ്കേതികഉപകരണങ്ങളും, കമ്പ്യൂട്ടറും ഉപയോഗിക്കാം. പക്ഷെ അത് മനുഷ്യർക്ക് ദോഷമുണ്ടാക്കരുതെന്ന് മാത്രം.ഇപ്പോഴത്തെ കുട്ടികൾ കമ്പ്യൂട്ടർ എല്ലാ സമയവും ഉപയോഗിക്കുന്നു.അത് ഉപയോഗിക്കാം പക്ഷെ നാശത്തിലേക്ക് നയിക്കാതെ നോക്കേണ്ടത് അവരുടെ മാതാപിതാക്കളുടെ കടമയാണ്.അധിക കമ്പ്യൂട്ടർ ഉപയോഗം നമ്മുടെ ആരോഗ്യത്തേയും തലമുറയെയും ബാധിക്കും.അതുകൊണ്ട് കമ്പ്യൂട്ടർ ഉപയോഗം എല്ലാസമയത്തും ഉപയോഗിക്കരുത്.അത് പരമാവധി കുറയ്ക്കുക.

റജീന.ആർ

ഒൻപതാം തരം

# മാതൃത്വ ഭാരതം

അമ്മയെന്നോർക്കുമ്പോൾ പിടയുമെൻ ഇടനെഞ്ച്
രാഗമായി ഓതുവാൻ അമ്മയുണ്ടോ,
കഥ പോലെ തന്നെ ഞാൻ ഓർത്തു വിരസ്യമെൻ
ഇടനെഞ്ചിലുള്ളോരാ! ദൈവമമ്മ
അന്നൊരാ നേരത്തുമുണ്ടായി കനവിലായി
നീർമുത്ത് എന്നെന്നും ഓർമയായ്
കാലത്തിനൊത്തൊരാ മാതൃത്വമാണെന്റെ,
നെഞ്ചിലൂറുന്നൊരാ നീതിയമ്മ.
സ്നേഹമെൻ കാരുണ്യ നിതിയായിയൂറുമെൻ
രാഗമാണെന്നെന്നും എന്റെ ഓർമ്മ
ഞാനും അറിഞ്ഞുവെൻ മാതൃത്വഭാരതം,
എപ്പോഴും എപ്പോഴും ഒന്നു പോലെ.
വിടചേർന്നു നിൽക്കുമീ താലപാത്രാന്തരം
മർമ്മര കാഴ്ചകൾ കണ്ടു നിൽക്കേ
സ്വച്ഛമാം ഭാരത ശൈലിയിൽ ഇന്നു ഞാൻ
വേറിട്ട ജീവിതം ആസ്വദിക്കേ
അന്നു ഞാൻ കണ്ടു ആ വിടവിൽ ഒരുനീർമുത്ത്
ആ രാഗമെപ്പോഴും അമ്മയാണ്.

ശലഭ.എം
എട്ടാം തരം

# ധർമ്മത്തിന്റെ നാഴ് വഴികൾ

ഒരിടത്ത് ഒരിടത്ത് ഒരു കാട്ടിൽ ദരിദ്രനായ ഒരു പാവം മുത്തച്ഛനും മുത്തശ്ശിയും താമസിച്ചിരുന്നു. അവർ തേടിയിരുന്നത് എന്നും ധർമത്തിനായിരുന്നു.

ഒരിക്കൽ മുത്തച്ഛനും മുത്തശ്ശിയും തന്റെ മകൻ തന്നുടെ പാത സ്വീകരിക്കുന്നുണ്ടോ എന്നതിന് ഒരു പരീക്ഷണം നടത്തി. ഒരിക്കൽ മുത്തച്ഛൻ അത്താഴം കഴിക്കുന്നതിനിടെ തന്റെ മകനോട് ഇങ്ങനെ പറഞ്ഞു ''പുത്രാ ഞങ്ങൾ സദാ ധർമ പാതയിലൂടെ സഞ്ചരിക്കുന്നവരാണ്. നീയും അത് സ്വീകരിക്കുന്നത് തന്നെ അല്ലേ ? '' അപ്പോൾ തന്നെ മകൻ അതിവേഗത്തിൽ പറഞ്ഞു ''ഞാൻ നിങ്ങളുടെ പുത്രൻ ആയതിനാൽ ഞാൻ നിങ്ങളുടെ പാതയാണ് സ്വീകരിക്കുന്നത്.''തന്റെ ഭാര്യയോട് പറയാതെ മുത്തച്ഛൻ തന്റെ മകനിൽ ഒരു പരീക്ഷണം നടത്തി.ഒരിക്കൽ മുത്തച്ഛൻ അത്താഴത്തിനായ് കായികനികൾ ശേഖരിക്കാൻ പനി എന്ന് പറഞ്ഞ് പോയില്ല. തന്റെ മകനെ അവർ അയച്ചു. പക്ഷെ കായികനികൾ ശേഖരിക്കാൻ തന്റെ മകന് വളരെ മടിയായിരുന്നു. അവന്റെ ശ്രദ്ധയിൽ അപ്പോഴാണ് കണ്ടത് ഒരു വൃദ്ധൻ തന്റെ കായികനികൾ ശേഖരിച്ച് അവിടെ മയങ്ങുകയായിരുന്നു.അപ്പോഴാണ് മകൻ തന്റെ

അച്ഛൻ പറഞ്ഞത് ഓർത്തത് ''എത്ര കഠിനമായ പ്രവൃത്തി ആണെങ്കിൽ അത് ധർമപാതയിൽ മാത്രം ചെയ്യുക. അങ്ങനെ അവൻ വളരെ ദൂരം സഞ്ചരിച്ച് കായികനികൾ ശേഖരിച്ച് തന്റെ അച്ഛന് നൽകി. തന്റെ പരീക്ഷണത്തിന് മകൻ വിജയിച്ചതറിഞ്ഞ് മുത്തച്ഛൻ തന്റെ മകനെ പരീക്ഷിച്ചതാണെന്ന് പറഞ്ഞു. അങ്ങനെ അവരുടെ കുടുംബം ഒക്കെ ധർമത്തിന്റെ പാതയിൽ സഞ്ചരിക്കാൻ തുടങ്ങി.

സൂര്യ.പി

എട്ടാം തരം

# ഉപയോഗം കഴിഞ്ഞ് ഉപകരണങ്ങൾ ഓഫ് ചെയ്യുക




ശ്രീ നിത്യ
ഒൻപതാം തരം

# പുഴയുടെ നൊമ്പരം

പറയാതെ അറിയുന്നു ഞാൻ നിൻ നൊമ്പരം
പറയാതെ പറയുന്നൊരാ നൊമ്പരം
അറിയുവാനാകാത്തൊരാ നൊമ്പരം
അറിയുന്നു ഞാനമ്മേ
നീ ഇന്നു വെറുമൊരു അഴുക്കുചാലാണെങ്കിലും
അന്നു നീ ഒരു തെളിനീർ ഉറവിടം
മർത്യർതൻ ഉപദ്രവം നിന്നെ ഒരു
പാഴ്വസ്തുവാക്കിമാറ്റി
ജീവന്റെ ജീവനാം മണൽവാരിയും
മാലിന്യകുമ്പാരം വലിച്ചെറിഞ്ഞും നിന്നെ
ഈ മർത്യർ  ജീവച്ഛവമാക്കിമാറ്റി
കൊല്ലാതെ കൊന്നു നിന്നെ
അവരൊരു ജീവച്ഛവമാക്കി
ക്ഷമിക്കുമോ അമ്മേ നീ ഈ തെറ്റ്
ക്ഷമിക്കുവാനാകാതൊരിതെറ്റ് മറക്കുവാൻ
കഴിയുമോ അമ്മേ നിനക്ക്?

സ്വാതി.എസ്
ഒൻപതാം തരം

little KITEs

# ഉണ്ണി കണ്ണന്റെ സമ്മാനം

ഒരു ദിവസം ഒരു പഴക്കച്ചവടക്കാരി കണ്ണന്റെ അമ്പാടിയിൽ പോയി. ഉണ്ണികണ്ണൻ പഴക്കുട്ടയുടെ അടുത്തേക്ക് പോയി കൊതിയോടെ നോക്കി നിന്നു. നോക്കി നിന്നപ്പോൾ ആ കച്ചവടക്കാരി ആ കുട്ടത്തിൽ നിന്നും മൂന്നു പഴം എടുത്തു കൊടുത്തു. അപ്പോൾ കണ്ണന് ചെറിയ കുറുമ്പ് തോന്നി. ആ കുട്ടയിലെ പഴങ്ങളെല്ലാം അവന് വേണമെന്ന് ആ കച്ചവടക്കാരിയോട് പറഞ്ഞു. ആ പാവം കച്ചവടക്കാരി മുഴുവൻ പഴങ്ങളുംകണ്ണന് വെറുതെ കൊടുത്ത ശേഷം ആ കച്ചവടക്കാരി വീട്ടിലേക്ക് പോയി. പക്ഷെ ആ കച്ചവടക്കാരിയുടെ കൈയിൽ പണം ഒന്നും ഇല്ലാതെ സങ്കടപ്പെട്ടു. പിന്നെ കുട്ട താഴെ വച്ചു. പിന്നെ പഴക്കച്ചവടക്കാരി ഞെട്ടി. അതിൽ നോക്കുമ്പോൾ നിറച്ചും സ്വർണ്ണനാണയങ്ങളായിരുന്നു. കണ്ണന്റെ സമ്മാനം പഴക്കച്ചവടക്കാരിയുടെ എല്ലാ കഷ്ടപ്പാടുകളും തീർത്തു കൊടുത്തു.

വൃന്ദ.വി

എട്ടാം തരം

# കോഴിയും കുറുക്കനും

ഒരിടത്തൊരിടത്ത്  ഒരു കോഴിയും കുറുക്കനും ഉണ്ടായിരുന്നു. രണ്ട് പേരും കാട്ടിൽ വച്ച് കണ്ടുമുട്ടി. കോഴിയും കുറുക്കനും വിശന്ന് പോവുകയായിരുന്നു. അപ്പോൾ ഒരു മാമ്പഴം കിട്ടി. എന്നിട്ട് അവർ അതിനുവേണ്ടി അടിക്കൂടി. എന്നിട്ട് കോഴിയെ തള്ളി
കുറുക്കൻ മാമ്പഴമെടുത്ത് ഓടി. പെട്ടെന്നൊരു കല്ല് തടുത്തി ഒരു കുഴിയിൽ വീണു. മാമ്പഴം തെറിച്ചുപോയി. കോഴി വന്ന് മാമ്പഴം എടുത്ത് കുഴിയിൽ നോക്കിയപ്പോൾ കുറുക്കൻ നിലവിളിക്കുകയായിരുന്നു. കോഴി കുറുക്കനോട് ചോദിച്ചു, നിനക്ക് മാമ്പഴം വേണമോ? അപ്പോൾ കുറുക്കൻ പറഞ്ഞു എനിക്ക് മാമ്പഴം വേണ്ടാ.നീ എന്നെ രക്ഷിച്ചാൽ മതി. എന്നിട്ട് കോഴി കുറുക്കനെ രക്ഷിച്ച് അവർ രണ്ടു പേരും മാമ്പഴവും പങ്ക് വച്ച് കഴിച്ച് കാട്ടിലൂടെ സന്തോഷത്തോടെ നടന്നു പോയി.


വിശ്വമായ.വി
എട്ടാം തരം

# ചിത്രങ്ങൾ




നന്ദന.എം

എട്ടാം തരം



ശ്രീ നിത്യ .എസ്
ഒൻപതാം തരം



നന്ദന. എൻ

എട്ടാം തരം



ഫാബ്രിക്ക് പെയിൻറിങ്ങ്

രഞ് ജന  എട്ടാം തരം

little KITEs



ലിറ്റിൽ കൈറ്റ്സ് യൂനിറ്റ്

അംഗങ്ങൾ

# നന്ദി